"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എസ്.4/104147/MNS/F/2013-14/കോ.വി.വ.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം-33
തീയതി: 26/10/2013

# വിജ്ഞാപനം

2013-14 മാർച്ചിൽ SSLC ക്ക് സംസ്ഥാന സിലബസിൽ പഠിച്ച് വിജയിച്ച് +1, HSC, +1 VHSC/Degree (Arts & Science Colleges Only) എന്നിവയിൽ ഏതിലെങ്കിലും ഒന്നാം വർഷം (സർക്കാർ) എയിഡഡ് സ്ഥാപനങ്ങളിൽ) തുടർന്നു പഠിക്കുന്ന പിന്നോക്ക സമുദായങ്ങളിലെയും ദാരിദ്ര്യരേഖക്ക് താഴെവരുമാനമുള്ള മുന്നോക്ക സമുദായങ്ങളിലെയും കേരളത്തിൽ സ്ഥിരതാമസമാക്കിയവരുമായ വിദ്യാർത്ഥിനികളിൽ നിന്നും മുസ്ലീം/നാടാർ ഗേൾസ് സ്കോളർഷിപ്പിന് ഓൺലൈൻ മുഖേന അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in – ൽ Muslim Nadar Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **30/10/2013** തീയതി മുതൽ ഓൺലൈനായി സമർപ്പിക്കാം.

1. <u>യോഗ്യതകൾ</u>

- 2013 മാർച്ച്/ഏപ്രിൽ എസ്.എസ്.എൽ.സി (SSLC)യോ തത്തുല്യ പരീക്ഷയോ/ഹയർ സെക്കൻഡറി പരീക്ഷയോ പാസായിരിക്കണം.
- അപേക്ഷകർ 2013-14 അദ്ധ്യയന വർഷത്തിൽ +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലോ കേരളത്തിലെ സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകളിലോ കോളേജുകളിലോ ചേർന്ന് പഠിക്കുന്നവരായിരിക്കണം.

2. <u>സ്കോളർഷിപ്പ് തുക</u>

VHSC/HSC/Degree എന്നീ തലങ്ങളിലുള്ളവർക്ക് പ്രതിവർഷം 125/- രൂപയാണ് സ്കോളർഷിപ്പ് തുക.

(3) <u>വരുമാനപരിധി</u>

രൂപ 18000/- (പ്രതി വർഷം)

(4) <u>ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ</u>

- അപേക്ഷകർക്ക് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, SBI, Federal Bank, South Indian Bank, എന്നിവയിൽ ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

- ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ EID നമ്പർ നൽകിയാലും മതിയാകും.(Enrolment ID)
- മറ്റ് ഏതെങ്കിലും സ്കോളർഷിപ്പോ/ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- വിദ്യാർത്ഥിനി കേരളത്തിൽ സ്ഥിരതാമസക്കാരി ആയിരിക്കണം.

(5) <u>അപേക്ഷിക്കേണ്ട രീതി</u>

(എ) അപേക്ഷകൾഓൺലൈനായി **30/10/2013** മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി

1. www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Muslim Nadar Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online-ൽ ക്ലിക്ക് ചെയ്യുക.
3. മറ്റ സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ രജിസ്ട്രേഷൻID നൽകി candidate login ചെയ്യുക.
4. അല്ലെങ്കിൽ New registration – ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.
5. സ്കോളർഷിപ്പ് പേജിൽ MNS എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.
6. കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക.
7. നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി) Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം view/Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.
2. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും, രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.(വെരിഫിക്കേഷൻ).
3. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം.(അപ്രൂവൽ)
4. അപേക്ഷകൾ അതാത സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(6) <u>സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>

1. അപേക്ഷകന്റെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻപ്രിന്റ്ഔട്ട്.
2. SSLC മാർക്ക് ലിസ്റ്റിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ഒറിജിനൽ)

4. അപേക്ഷകയുടെ സ്വന്തം പേരിലുള്ള ബാങ്ക്പാസ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ ഉൾപ്പെട്ടിരിക്കണം)
5. വരുമാന സർട്ടിഫിക്കറ്റ് (ഒറിജിനൽ)
6. ദാരിദ്രരേഖക്ക് താഴെ ഉള്ളവർ ബി.പി.എൽ. സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ദാരിദ്യരേഖക്ക് താഴെ ഉള്ള മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്ക് മാത്രം.
7. പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം (ഒറിജിനൽ)
8. ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ EID നമ്പർ നൽകിയാലും മതിയാകും. (Enrolment ID)

(7) <u>തെരഞ്ഞെടുപ്പ് രീതി</u>

1. 18000/- രൂപ വരുമാന പരിധി കവിയാത്ത മുഴുവൻ അപേക്ഷകളും പരിഗണിക്കും.
2. പിന്നോക്ക സമുദായങ്ങളിലെയും ദാരിദ്ര്യരേഖക്ക് താഴെവരുമാനമുള്ള മുന്നോക്ക സമുദായങ്ങളിലെയും കേരളത്തിൽ സ്ഥിരതാമസമാക്കിയ 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ/എയിഡഡ് ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി. ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരുമായ പെൺകുട്ടികളെ പരിഗണിക്കും.

(8) <u>അവസാന തീയതികൾ</u>

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **29/11/2013** ആണ്.
2. രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി **10/12/2013** ആണ്.
3. സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധന കഴിഞ്ഞ് ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട തീയതി **20/12/13** ആണ്.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

എൽ.ജി. 11.10.13